1

കേരളാ സർക്കാർ

നം. 73754/ആർ എ.1/10/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി 06-01-2011

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - കെട്ടിട നമ്പർ നൽകുന്നതിലെ കാലതാമസം - അദാലത്ത് സംഘടിപ്പിക്കുന്നതു സംബന്ധിച്ച്.

കെട്ടിട നിർമ്മാണ ചട്ടപ്രകാരം അനുമതി വാങ്ങി നിർമ്മാണം പൂർത്തീകരിച്ച പല കെട്ടിടങ്ങൾക്കും നമ്പർ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായും ചില കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ നിഷേധിക്കുന്നതായും ധാരാളം പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ടി പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. 2010 ഡിസംബർ 31 വരെ നിയമാനുസൃതം നിർമ്മാണം പൂർത്തിയാക്കിയിട്ടും നമ്പർ നൽകാത്തതുമായ കെട്ടിടങ്ങളെയാണ് അദാലത്തിന് പരിഗണിക്കുന്നത്. 2011 ജനുവരി 31 മുതൽ ഫെബ്രുവരി 5-ാം തീയതി വരെ ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ടി അദാലത്ത് നടത്തുന്നതുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ ജില്ലാ ടൗൺ പ്ലാനർമാരും, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലത്തിൽ സെക്രട്ടറിമാരും, പഞ്ചായത്തുതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാരും, വിപുലമായ പ്രചരണം നൽകേണ്ടതാണ്.

അദാലത്തിലേക്കുള്ള അപേക്ഷകൾ നൽകുന്ന വ്യക്തികൾ വെള്ളക്കടലാസിൽ വിശദാംശങ്ങൾ നൽകേണ്ടതും, പൂർണ്ണമായ മേൽവിലാസം, മൊബൈൽ നമ്പർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്, പെർമിറ്റിന്റെ നമ്പർ എന്നിവ വ്യക്തമായി കാണിച്ചിരിക്കേണ്ടതുമാണ്

അദാലത്തിനായി പരിഗണിക്കേണ്ട അപേക്ഷകളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ജനുവരി 15-ാം തീയതി വരെ എറണാകുളം ജില്ലയിൽ നഗരഗ്രാമാസൂത്രണ വകുപ്പിന്റെ മേഖലാ ഓഫീസിലെ സീനിയർ ടൗൺ പ്ലാനർക്കും ബാക്കിയുള്ള ജില്ലകളിൽ ജില്ലാ ടൗൺ പ്ലാനർമാർക്കും നൽകേണ്ടതാണ്. അദാലത്തിനായി ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകമായി രജിസ്റ്റർ ചെയ്ത്, അതാതു ദിവസം തന്നെ പ്രത്യേക കവറിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. കവറിന്റെ പുറത്ത് 'അദാലത്ത്' എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

അദാലത്തുമായി ബന്ധപ്പെട്ട് ജില്ലാ ടൗൺ പ്ലാനർക്ക് നൽകുന്നതിനു പകരം തെറ്റായി പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ അപേക്ഷ നൽകിയിട്ടുള്ള പക്ഷം അവ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചശേഷം അദാലത്തിൽ പരിഗണിക്കുന്നതിനായി ജില്ലാ ടൗൺ പ്ലാനർമാർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

സെക്രട്ടറിമാർക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചശേഷം, അപേക്ഷയിൽ പറയുന്ന എല്ലാ സ്ഥലവും സന്ദർശിച്ച് ജനുവരി 22-ാം തീയതിക്കു മുൻപായി വിശദമായ റിപ്പോർട്ട് ജില്ലാ ടൗൺ പ്ലാനർമാർക്ക് അയച്ചു കൊടുക്കേണ്ടതാണ് പ്രസ്തുത റിപ്പോർട്ട് ജില്ലാ ടൗൺ പ്ലാനർമാർ പരിശോധിച്ചശേഷം, ജനുവരി 29-നു മുൻപായി ബന്ധപ്പെട്ട സെക്രട്ടറിമാരുമായി ചർച്ചചെയ്ത് നമ്പർ നൽകാത്തതിന്റെ കാരണം ആരായേണ്ടതാണ്.

ജനുവരി 15-ാം തീയതി വരെ ലഭിക്കുന്ന മുനിസിപ്പാലിറ്റികളിലേയും പഞ്ചായത്തുകളിലേയും അപേക്ഷകളുടെ എണ്ണവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരും തിട്ടപ്പെടുത്തി ബന്ധപ്പെട്ട ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ അറിയിക്കേണ്ടതാണ്. ഡെപ്യൂട്ടി ഡയറക്ടർമാർ അപേക്ഷകളുടെ എണ്ണവും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലൊക്കേഷനും കണക്കിലെടുത്ത് അദാലത്തിനുള്ള തീയതിയും, സ്ഥലവും, സമയവും നിശ്ചയിക്കേണ്ടതാണ്. അദാലത്തിൽ പങ്കെടുക്കുവാൻ വരുന്ന അപേക്ഷകർക്ക് ആവശ്യമായ സൗകര്യങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തന്നെ ഒരുക്കിക്കൊടുക്കേണ്ടതും, അപേക്ഷയിൻമേലുള്ള തീരുമാനം അരമണിക്കൂറിനകം നിവർത്തിയ്ക്കേണ്ടതുമാണ്. അദാലത്തിനായി അപേക്ഷ നൽകിയിട്ടുള്ളവരെ അദാലത്ത് നടക്കുന്ന സ്ഥലം, തീയതി, സമയം എന്നിവ രേഖാമൂലവും, എസ്. എം എസ്. മുഖേനയും ജില്ലാ ടൗൺ പ്ലാനർമാർ അറിയിക്കേണ്ടതാണ് കൂടാതെ പത്രവാർത്തയും നൽകേണ്ടതാണ്

ഓരോ ജില്ലകളിലും അദാലത്ത് നടത്തുന്നത് ജില്ലാ ടൗൺ പ്ലാനറുടെ നേതൃത്വത്തിൽ ആയിരിക്കുന്നതാണ്. ടി അദാലത്തിൽ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ (നഗരകാര്യ വകുപ്പ്), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അദാലത്ത് കഴിയുന്നതുവരെ ജില്ലാ ടൗൺ പ്ലാനർമാരുടെ ഓഫീസുകളിൽ ടി ആവശ്യത്തിലേക്കായി ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

കോർപ്പറേഷനുകളിലെ അദാലത്ത് ജില്ലാ ടൗൺ പ്ലാനർമാരുടെ നേതൃത്വത്തിൽ അതത് കോർപ്പറേഷനുകളിൽവെച്ച് നടത്തുന്നതും, അതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും കോർപ്പറേഷൻ സെക്രട്ടറി ഒരുക്കിക്കൊടുക്കേണ്ടതുമാണ് അദാലത്തിന്റെ തീയതി, സമയം എന്നിവ ജില്ലാ ടൗൺപ്ലാനറും, കോർപ്പറേഷൻ സെക്രട്ടറിയും കൂടി ആലോചിച്ച് തീരുമാനിക്കേണ്ടതും, ടി വിവരം അപേക്ഷകരെ ജില്ലാ ടൗൺ പ്ലാനർമാർ അറിയിക്കേണ്ടതുമാണ്.

ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ അദാലത്തുകൾ നടത്തുമ്പോൾ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തീരുമാനം കൈകൊള്ളുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ ഒരു പ്രതിനിധികൂടി അദാലത്തിൽ പങ്കെടുക്കേണ്ടതാണ്.

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 (ബി) യുടെ ലംഘനം ഉള്ളതായി സംശയം ഉള്ള പക്ഷം ടി വിഷയത്തിൽ ജില്ലാ ടൗൺ പ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ചേർന്ന് അദാലത്തിനുശേഷം 7 ദിവസത്തിനകം സ്ഥല പരിശോധന നടത്തി തീരുമാനം കൈക്കൊള്ളേണ്ടതാണ്

അദാലത്തിൻമേൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ അതേ ദിവസം തന്നെ ബന്ധപ്പെട്ട കക്ഷിയെ അറിയിക്കേണ്ടതും, നമ്പർ നൽകുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ള പക്ഷം 3 ദിവസത്തിനകം നമ്പർ നൽകി, ടി വിവരം ജില്ലാ ടൗൺ പ്ലാനറെ അറിയിക്കേണ്ടതുമാണ്.

അദാലത്തിനായി ലഭിച്ച അപേക്ഷകളിൻമേൽ കൈക്കൊണ്ട തീരുമാനം സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് അദാലത്ത് കഴിഞ്ഞ് 10 ദിവസത്തിനകം ജില്ലാ ടൗൺ പ്ലാനർമാർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്

എസ് എം. വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്/ഇടുക്കി
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ (കൊല്ലം, കൊച്ചി, കോഴിക്കോട്) ട്
സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം 695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുന്നതിന്)

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്)
തദ്ദേശ സ്വയംഭരണ (പി. എസ്) വകുപ്പ്
(Vide U.O. No. 24274/PS2/10/LSGD dated 19-4-2010)
തദ്ദേശ സ്വയംഭരണ (ആർ. എ.2, ആർ എ.3) വകുപ്പ്
തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ